**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4101 **18.10.2011 ൽ** മറുപടിയ്ക്ക്

<u>കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

| | |
|---|---|
| **ചോദ്യം**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ** | **ഉത്തരം**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| എ) | കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) | കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തിയായി വരുന്നു.<br>ഫ്ളോറിങ്ങിന്റേയും പ്ലാസ്റ്ററിംങ്ങിന്റേയും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| ബി) | ഒന്നും രണ്ടും നില നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | ബി) | മിനി സിവിൽ സ്റ്റേഷന്റെ ഒന്നും രണ്ടും നിലകൾ നിർമ്മിക്കുന്നതിനുള്ള ദർഘാസ് നടന്നുവെങ്കിലും ആരും അതിൽ പങ്കെടുത്തില്ല. നവംബർ 15 ാം തീയതി പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| സി) | മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | സി) | നിർമ്മാണം എത്രയും പെട്ടെന്ന് പണിപൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| ഡി) | മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ ? | ഡി) | ടെണ്ടർ നോട്ടീസിൽ പണിപൂർത്തിയാക്കുന്നതിന് 15 മാസത്തെ കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്.<br>ടെണ്ടർ നടപടി പൂർത്തിയായി കരാർ ഒപ്പുവെച്ചുകഴിഞ്ഞാൽ 15 മാസം കൊണ്ട് പണിപൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Mayadevi

**സെക്ഷൻ ഓഫീസർ**